## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം.നമ്പർ: 4186    17/05/2017-ൽ മറുപടിക്ക്

## കേരള തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>,, സി.എഫ്.തോമസ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനം വിശദമാക്കാമോ; ഇപ്പോൾ അത് കൃത്യമായി നടക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | 2011-ലെ തീരദേശ പരിപാലന നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ തീരിദേശ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് തീരദേശ പരിപാലന അതോറിറ്റിയാണ്. തീരദേശ പരിപാലന അതോറിറ്റിയെ നിയമിക്കുന്നത് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയമാണ്. 08/06/2016 ൽ നിയമിക്കപ്പെട്ട അംഗങ്ങളാണ് അതോറിറ്റിയിൽ ഇപ്പോൾ പ്രവർത്തിക്കുന്നത്. അതോറിറ്റിയുടെ പ്രവർത്തനം കൃത്യമായി നടക്കുന്നുണ്ട്. ചുമതലയേറ്റ ശേഷം കഴിഞ്ഞ 9 മാസങ്ങളിലായി 11 പ്രാവശ്യം യോഗം ചേരുകയും മൂവ്വായിരത്തോളം അപേക്ഷകളിൽ തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇപ്പോൾ ഏത് വകുപ്പിനാണ് ഈ അതോറിറ്റിയുടെ ഭരണച്ചുമതല; ഏത് വകുപ്പിനു കീഴിലായിരുന്നു മുൻപ് അതോറിറ്റി പ്രവർത്തിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | തീരദേശ പരിപാലന അതോറിറ്റി വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. അതോറിറ്റിയുടെ സെക്രട്ടേറിയറ്റായി സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് പ്രവർത്തിക്കുന്നു. മുമ്പ് ശാസ്ത്ര സാങ്കേതിക വകുപ്പായിരുന്നു അതോറിറ്റിയുടെ സെക്രട്ടേറിയറ്റായി പ്രവർത്തിച്ചിരുന്നത്. |

| | | | |
|---|---|---|---|
| (സി) | അതോറിറ്റിയുടെ പരിഗണനക്കായി വരുന്ന ഫയലുകൾ ഈ വകുപ്പുകളിൽ പരസ്പരം കൈമാറി കാലതാമസം വരുത്താതെ ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | അതോറിറ്റിയുടെ പരിഗണനയ്ക്കായി വരുന്ന ഫയലുകളിൽ കാലതാമസം ഒഴിവാക്കുന്നതിനായി മുമ്പ് ഇതിൽ പ്രവർത്തിച്ചിരുന്ന ഉദ്യോഗസ്ഥരുടെയും ശാസ്ത്രജ്ഞരുടെയും സേവനം കുറച്ചു കാലത്തേക്ക് കൂടി പുതിയ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. ഇതു കൂടാതെ അതോറിറ്റി മുൻകൈ എടുത്ത് ഫയൽ അദാലത്ത് നടത്തി ആയിരത്തോളം ഫയലുകളിൽ തീരുമാനം എടുത്തു കഴിഞ്ഞിട്ടുമുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ആകെയുള്ള എല്ലാ അപേക്ഷകളും അതത് ജില്ലകളിൽ പരിശോധിക്കാൻ സംവിധാനമുണ്ടോ; അവയിലൂടെ എത്ര അപേക്ഷകൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തീർപ്പാക്കി; | (ഡി) | ജില്ലകളിലുള്ള തീരദേശ പരിപാലന കമ്മിറ്റികൾ പുനഃസംഘടിപ്പിക്കാൻ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. നിലവിൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് ജില്ലാ തലത്തിലല്ല. ജില്ലാതലത്തിൽ അപേക്ഷകൾ കൈകാര്യം ചെയ്യുവാൻ സാധിക്കുമോ എന്ന കാര്യം അതോറിറ്റി പരിശോധിച്ചു വരികയാണ്. |
| (ഇ) | സെക്രട്ടേറിയറ്റിൽ തീരദേശ സംരക്ഷണ വകുപ്പ് രൂപീകരിച്ച് അതോറിറ്റിയെ അതിനുകീഴിലുള്ള സ്വതന്ത്ര ഏജൻസിയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ഇ) | നിലവിലുള്ള സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഇതിനായി പുതിയ വകുപ്പ് രൂപീകരിക്കേണ്ട കാര്യമില്ല. |
| (എഫ്) | 2016 ജനുവരി മുതൽ അതോറിറ്റിയുടെ പരിഗണനയ്ക്കായി ലഭിച്ച അപേക്ഷകൾ എത്രയെന്ന് ജില്ലതിരിച്ച് കണക്ക് ലഭ്യമാക്കാമോ? | (എഫ്) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ